**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4131** **17-03-2025 - ൽ മറുപടിയ്ക്ക്**

**കോന്തുരുത്തിപുഴയുടെ കരകളിൽ താമസിച്ചിരുന്നവരുടെ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം മണ്ഡലത്തിലെ കോന്തുരുത്തിപ്പുഴയുടെ കരകളിലും മറ്റുമായി വർഷങ്ങളായി താമസിച്ചിരുന്നവരുടെ പുനരധിവാസം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായെന്ന് അറിയിക്കുമോ; | (എ) | കോന്തുരുത്തി പുഴയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ.ജെ. ടോമി ബഹു. ഹൈക്കോടതി യിൽ ഫയൽ ചെയ്തിരുന്ന WP(C)1812/2016 നം. കേസിൽ ഒരു വർഷത്തിനകം പുഴ പുറമ്പോക്ക് കയ്യേറി താമസിക്കുന്നവരെ പുനരധിവസിപ്പിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും, പുഴ പുനരുദ്ധരിക്കുന്നതിനും ഉത്തരവായി രുന്നു.<br><br>കോടതി ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി പുനരധിവാസത്തിന് അർഹരായി കണ്ടെത്തിയ 122 പേരിൽ ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 56 കുടുംബങ്ങൾ ഒഴികെയുള്ളവരെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകികൊണ്ടും, അർഹരായ 122 കുടുംബങ്ങൾക്ക് പള്ളുരുത്തി വില്ലേജിൽ 144/1, 144/5, 144/10 എന്നീ സർവ്വേ നമ്പരുകളിലായി ജിസിഡിഎ, കൊച്ചി നഗരസഭയ്ക്ക് കൈമാറിയ ഒരേക്കർ 38 സെന്റ് 200 സ്ക്വയർ ലിങ്ക്സ് സ്ഥലത്ത് ലൈഫ് ഭവന സമുച്ചയം കൊച്ചിനഗരസഭ മുഖേന നിർമ്മിക്കുവാൻ തത്വത്തിൽ അനുമതിയും അതിന് ലൈഫ് മിഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള ഫണ്ട്, ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്ക് വിധേയമായി, ലൈഫ് പാർപ്പിട മിഷൻ(അർബൻ) 4217-60-051-95- പ്ലാൻ എന്ന ശീർഷകത്തിൽ ലൈഫ് മിഷന് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്നും കൊച്ചി നഗരസഭയ്ക്ക് ലൈഫ് മിഷൻ കൈമാറുന്നതിനുള്ള അനുമതിയും നൽകി കൊണ്ട് 24/06/2022 ലെ സ.ഉ(കൈ). നം 132/2022/LSGD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |

പുനരധിവസിപ്പിക്കുന്നതിന് അർഹരായ 122 പേരുടെ പട്ടിക കൊച്ചിൻ നഗരസഭ തയ്യാറാക്കുകയും, കൊച്ചി നഗരസഭയും എറണാകുളം ജില്ല ഭരണകൂടവും സംയുക്തമായി തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്തു. എന്നാൽ അവസാന ഘട്ടത്തിൽ കയ്യേറ്റക്കാരെ പുന:രധിവ സിപ്പിക്കാൻ ജി.സി.ഡി.എ കൊച്ചി നഗരസഭയ്ക്ക് കൈമാറിയതും ലൈഫ് മിഷൻ പദ്ധതി പ്രകാരം ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കാൻ കൊച്ചി കോർപ്പറേഷൻ DPR തയ്യാറാക്കിയതുമായ ഭൂമി Critically Vulnerable Coastal Area(CRZ -1A)യിൽ ഉൾപ്പെട്ട സ്ഥലമാണെന്ന് KCZMZA റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടി ഉത്തരവ് നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല.

പുനരധിവാസത്തിനായി സ്ഥലം കണ്ടെത്തുന്നതിന് നിരന്തരമായ ശ്രമം കൊച്ചി കോർപ്പറേഷൻ നടത്തിയിരുന്നു. പുതുവൈപ്പ് വില്ലേജ്, വാഴക്കാല തുടങ്ങിയ സ്ഥലങ്ങൾ പുനരധിവാസത്തിനായി പരിഗണിച്ചിരു ന്നെങ്കിലും ചതുപ്പ്, CRZ ൽ ഉൾപ്പെട്ടവ, പുനരധിവസിപ്പിക്കുന്നവരുടെ എതിർപ്പ് ഇവ മൂലം സ്ഥലം കണ്ടെത്താനായില്ല. ലൈഫ് ഭവന സമുച്ചയം മുഖേനയുള്ള പുന:രധിവാസം സാധ്യമാക്കാത്ത സാഹചര്യത്തിൽ നിലവിലെ നിയമ പ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുമ്പോൾ ഒഴിഞ്ഞുപോകുന്നവർക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിലവിലെ നിയമ പ്രകാരം കോർപ്പറേഷൻ പരിധിയിൽ ഭൂമി വാങ്ങുന്നതിനായി പരമാവധി ഒരു കുടുംബത്തിന് (ജനറൽ വിഭാഗം) 5.25 ലക്ഷം രൂപയും (സ.ഉ(കൈ)നം.115/2022/തസ്വഭവ) ലൈഫ് മിഷൻ മാനദണ്ഡപ്രകാരം വീട് നിർമ്മിക്കാൻ 4 ലക്ഷം രൂപ ഉൾപ്പെടെ ആകെ 9.25 ലക്ഷം രൂപ മാത്രമേ നൽകാൻ സാധിക്കുകയുള്ളു എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് കോടതിയെ അറിയിച്ചിരുന്നു..

. ബഹു.ഹൈകോടതി 19/07/2024 ൽ ഇടക്കാല ഉത്തരവ് പ്രകാരം ലീഗൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സബ്കളക്ടർ, ഫോർട്ട് കൊച്ചി, അഡീഷണൽ സെക്രട്ടറി റവന്യു വകുപ്പ്, മെമ്പർ സെക്രട്ടറി ലീഗൽ സർവ്വീസ് അതോറിറ്റി അംഗങ്ങളായ ഒരു സമിതി രൂപീകരിച്ച് തുക വിഭജിച്ച് നൽകി കൈയ്യേറ്റഭൂമി തിരിച്ചു പിടിക്കുന്നതിൽ തീരുമാനം എടുക്കാൻ നിർദ്ദേശിച്ചിരുന്നു. പരമാവധി ഒരു കുടുംബത്തിന് ലൈഫ് മിഷൻ മാനദണ്ഡപ്രകാരം വീട് നിർമ്മിക്കാൻ 4 ലക്ഷം രൂപ ഉൾപ്പെടെ ആകെ 9.25 ലക്ഷം രൂപ മാത്രമെ സർക്കാർ തലത്തിൽ നൽകാൻ

| | | | |
|---|---|---|---|
| | | | സാധിക്കുകയുള്ളു എന്ന സാഹചര്യം വിശദമാക്കിയിട്ടുണ്ട്. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലും ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി . ബഹു. ഹൈക്കോടതിയുടെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിവരം വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | കോന്തുരുത്തി പുഴയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ.ജെ. ടോമി ബഹു. ഹൈക്കോടതി യിൽ ഫയൽ ചെയ്തിരുന്ന WP(C)1812/2016 നം. കേസിൽ ഒരു വർഷത്തിനകം പുഴ പുറമ്പോക്ക് കയ്യേറി താമസിക്കുന്നവരെ പുനരധിവസിപ്പിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും, പുഴ പുനരുദ്ധരിക്കുന്നതിനും ഉത്തരവായി രുന്നു.<br><br>കോടതി ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി പുനരധിവാസത്തിന് അർഹരായി കണ്ടെത്തിയ 122 പേരിൽ ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 56 കുടുംബങ്ങൾ ഒഴികെയുള്ളവരെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകികൊണ്ടും, അർഹരായ 122 കുടുംബങ്ങൾക്ക് പള്ളുരുത്തി വില്ലേജിൽ 144/1, 144/5, 144/10 എന്നീ സർവ്വേ നമ്പരുകളിലായി ജിസിഡിഎ, കൊച്ചി നഗരസഭയ്ക്ക് കൈമാറിയ ഒരേക്കർ 38 സെന്റ് 200 സ്ക്വയർ ലിങ്ക്സ് സ്ഥലത്ത് ലൈഫ് ഭവന സമുച്ചയം കൊച്ചിനഗരസഭ മുഖേന നിർമ്മിക്കുവാൻ തത്വത്തിൽ അനുമതിയും അതിന് ലൈഫ് മിഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള ഫണ്ട്, ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്ക് വിധേയമായി, ലൈഫ് പാർപ്പിട മിഷൻ(അർബൻ) 4217-60-051-95- പ്ലാൻ എന്ന ശീർഷകത്തിൽ ലൈഫ് മിഷന് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്നും കൊച്ചി നഗരസഭയ്ക്ക് ലൈഫ് മിഷൻ കൈമാറുന്നതിനുള്ള അനുമതിയും നൽകി കൊണ്ട് 24/06/2022 ലെ സ.ഉ(കൈ). നം 132/2022/LSGD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>പുനരധിവസിപ്പിക്കുന്നതിന് അർഹരായ 122 പേരുടെ പട്ടിക കൊച്ചിൻ നഗരസഭ തയ്യാറാക്കുകയും, കൊച്ചി നഗരസഭയും എറണാകുളം ജില്ല ഭരണകൂടവും സംയുക്തമായി തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്തു. എന്നാൽ അവസാന ഘട്ടത്തി ൽ കയ്യേറ്റക്കാരെ പുന:രധിവ സിപ്പിക്കാൻ ജി.സി.ഡി.എ കൊച്ചി നഗരസഭയ്ക്ക് കൈമാറിയതും |

| | | | |
|---|---|---|---|
| | | | ലൈഫ് മിഷൻ പദ്ധതി പ്രകാരം ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കാൻ കൊച്ചി കോർപ്പറേഷൻ DPR തയ്യാറാക്കിയതുമായ ഭൂമി Critically Vulnerable Coastal Area(CRZ -1A)യിൽ ഉൾപ്പെട്ട സ്ഥലമാണെന്ന് KCZMZA റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടി ഉത്തരവ് നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല.<br><br>പുനരധിവാസത്തിനായി സ്ഥലം കണ്ടെത്തുന്നതിന് നിരന്തരമായ ശ്രമം കൊച്ചി കോർപ്പറേഷൻ നടത്തിയിരുന്നു. പുതുവൈപ്പ് വില്ലേജ്, വാഴക്കാല തുടങ്ങിയ സ്ഥലങ്ങൾ പുനരധിവാസത്തിനായി പരിഗണിച്ചിരു ന്നെങ്കിലും ചതുപ്പ്, CRZ ൽ ഉൾപ്പെട്ടവ, പുനരധിവസിപ്പിക്കുന്നവരുടെ എതിർപ്പ് ഇവ മൂലം സ്ഥലം കണ്ടെത്താനായില്ല. ലൈഫ് ഭവന സമുച്ചയം മുഖേനയുള്ള പുന:രധിവാസം സാധ്യമാക്കാത്ത സാഹചര്യത്തിൽ നിലവിലെ നിയമ പ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കുമ്പോൾ ഒഴിഞ്ഞുപോകുന്നവർക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിലവിലെ നിയമ പ്രകാരം കോർപ്പറേഷൻ പരിധിയിൽ ഭൂമി വാങ്ങുന്നതിനായി പരമാവധി ഒരു കുടുംബത്തിന് (ജനറൽ വിഭാഗം) 5.25 ലക്ഷം രൂപയും (സ.ഉ(കൈ)നം.115/2022/തസ്വഭവ) ലൈഫ് മിഷൻ മാനദണ്ഡപ്രകാരം വീട് നിർമ്മിക്കാൻ 4 ലക്ഷം രൂപ ഉൾപ്പെടെ ആകെ 9.25 ലക്ഷം രൂപ മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് കോടതിയെ അറിയിച്ചിരുന്നു..<br><br>. ബഹു.ഹൈകോടതി 19/07/2024 ൽ ഇടക്കാല ഉത്തരവ് പ്രകാരം ലീഗൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സബ്കളക്ടർ, ഫോർട്ട് കൊച്ചി, അഡീഷണൽ സെക്രട്ടറി റവന്യൂ വകുപ്പ്, മെമ്പർ സെക്രട്ടറി ലീഗൽ സർവ്വീസ് അതോറിറ്റി അംഗങ്ങളായ ഒരു സമിതി രൂപീകരിച്ച് തുക വിഭജിച്ച് നൽകി കൈയ്യേറ്റഭൂമി തിരിച്ചു പിടിക്കുന്നതിൽ തീരുമാനം എടുക്കാൻ നിർദ്ദേശിച്ചിരുന്നു. പരമാവധി ഒരു കുടുംബത്തിന് ലൈഫ് മിഷൻ മാനദണ്ഡപ്രകാരം വീട് നിർമ്മിക്കാൻ 4 ലക്ഷം രൂപ ഉൾപ്പെടെ ആകെ 9.25 ലക്ഷം രൂപ മാത്രമെ സർക്കാർ തലത്തിൽ നൽകാൻ സാധിക്കുകയുള്ളൂ എന്ന സാഹചര്യം വിശദമാക്കിയിട്ടുണ്ട്. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലും ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി . ബഹു. ഹൈക്കോടതിയുടെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ